ENTRI

1 Crore User Downloads

# CURRENT AFFAIRS 01 MAY 2025



### അന്താരാഷ്ട്ര തൊഴിലാളി ദിനം

**മെയ് 1**

- തൊഴിലാളി വർഗത്തിന്റെ കഠിനാധ്വാനത്തെ ആദരിക്കുന്നതിനൊപ്പം തൊഴിൽ അവകാശങ്ങളെ കുറിച്ചും അവരുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് അന്താരാഷ്ട്ര തൊഴിലാളി ദിനം ആഘോഷിക്കുന്നത്.

---



പ്രൊഫ. സണ്ണിതോമസ്

### 2025 ഏപ്രിലിൽ അന്തരിച്ച മലയാളിയായ ഷൂട്ടിങ് പരിശീലകൻ

**പ്രൊഫ. സണ്ണിതോമസ്**

- 1993-2012 വരെയുള്ള കാലയളവിൽ ഇന്ത്യൻ ടീമിന്റെ പരിശീലകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.
- 2008 ഒളിമ്പിക്സിലെ ഷൂട്ടിംഗിൽ ഇന്ത്യക്കാദ്യമായി ഒരു വ്യക്തിഗത മെഡൽ നേടിക്കൊടുത്ത അഭിനവ് ബിന്ദ്രയുടെ പരിശീലകനായിരുന്നു.
- 2001-ൽ അദ്ദേഹത്തിന് ദ്രോണാചാര്യ അവാർഡ് ലഭിച്ചു.

---



നീരജ് ചോപ്ര

### ദക്ഷിണാഫ്രിക്കയിലെ പോച്ചഫ്സ്ട്രൂമിൽ നടന്ന 2025 ലെ പോച്ച് ഇൻവിറ്റേഷണൽ മീറ്റിൽ ജാവലിൻ ത്രോയിൽ സ്വർണ്ണ മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ താരം

**നീരജ് ചോപ്ര**

---



വൈഭവ് സൂര്യവംശി

### ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) ചരിത്രത്തിൽ സെഞ്ചുറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം എന്ന റെക്കോഡ് സ്വന്തമാക്കിയത്

**വൈഭവ് സൂര്യവംശി**

- 35 പന്തിൽ സെഞ്ചുറി നേടിയ വൈഭവ് സൂര്യവംശി ഐപിഎൽ ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ സെഞ്ചുറി നേടുന്ന രണ്ടാമത്തെ താരമാണ്. 30 പന്തിൽ സെഞ്ചുറി നേടിയ ക്രിസ് ഗെയിൽ ആണ് ഐപിഎൽ ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ സെഞ്ചുറി നേടിയ താരം.
- രാജസ്ഥാൻ റോയൽസിന്റെ താരമാണ് വൈഭവ് സൂര്യവംശി.

---

### ബഹിരാകാശ യാത്രികരുടെ ആരോഗ്യ പരിശോധനയ്ക്കും ചികിത്സയ്ക്കും ആവശ്യമായ ഉപകരണങ്ങളും മറ്റും വികസിപ്പിക്കുന്നതിന് ഐഎസ്ആർഒയുമായി ധാരണാപത്രം ഒപ്പ് വെച്ചത്

**ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി**